വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ഉണ്ട്.

(ബി) ഈ ശുപാർശകളുടെ ഒരു പകർപ്പ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.†

(സി) ഈ ശുപാശകൾ ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. അടുത്ത വിദ്യാഭ്യാസവർഷത്തിലോ അതിനടുത്ത വിദ്യാഭ്യാസവർഷത്തിലോ നടപ്പിലാക്കാൻ ഇടയുണ്ട്.

കഥകളിയുടെ പ്രോത്സാഹനം

* 240 [860] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഥകളിയുടെ പ്രോത്സാഹനാർത്ഥം ഈ ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന വിശദമാക്കാമോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ)

(എ) ഉണ്ട്.

(ബി) കേരളീയ പ്രാചീന കലാവിഭാഗങ്ങളുടെ ഉന്നമനത്തിനും ഉദ്ധാരണത്തിനും വേണ്ടി സ്ഥാപിക്കപ്പെട്ട കേരള കലാമണ്ഡലം, കഥകളിക്ക് ശരിയായ സ്ഥാനം നൽകിയിട്ടുണ്ട്. അടുത്ത കാലത്തായി വിദേശരാജ്യങ്ങളിൽപ്പോലും കേരളകലയായ കഥകളി പ്രശംസാർഹമാം വിധം പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. കേരള കലാമണ്ഡലത്തിനു് ഗ്രാൻറു നൽകിയും മറും അതിന്റെ പ്രവർത്തനം വിജയകരമാക്കിതീർക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുന്നുണ്ട്.

9 a. m. മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. കസ്റ്റ്യൻ ടൈം കഴിഞ്ഞു.

ശ്രീ. എം. രാമുണ്ണി: ഒരു ഫയൽ മേശപ്പുറത്തു വയ്ക്കാമെന്നു ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അതു വച്ചോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ഡെപ്യൂട്ടി സ്പീക്കർ: മേശപ്പുറത്തു വച്ചിട്ടുണ്ടോ എന്നു നോക്കിയിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഇല്ല ഫയൽ മേശപ്പുറത്തു വച്ചിട്ടില്ല. ഇന്നു വയ്ക്കാം.

ADJOURNMENT MOTION

Closure of the Medical college at Kozhikode and the resignation of the Principal.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നു ഒരു അഡ്ജോൺമെൻറ് മോഷനു നോട്ടീസ് കിട്ടിയിട്ടുണ്ട്.

കോഴിക്കോട്ടു മെഡിക്കൽ കോളേജിൽ ഈയിടെ നടന്ന റാഗിംഗിനെതിരായി ചില വിദ്യാർത്ഥികളെ സസ്പെൻറു ചെയ്തതിനെത്തുടർന്നു വിദ്യാർത്ഥികളും പ്രിൻസിപ്പാളിനെ കയ്യേറും ചെയ്യാൻ മുതിരുകയും പ്രിൻസിപ്പാളും അനശ്ചിത കാലത്തേയ്ക്കു കോളേജ് അടച്ചിടുകയും തൻറെ സ്ഥാനം രാജിവെയ്ക്കുകയും ചെയ്തതിൽനിന്നും ഉണ്ടായ ഗുരുതരാവസ്ഥ ചർച്ച ചെയ്യാൻ സർവ്വശ്രീ എം. എം. തോമസ്, അബൂബേക്കർ, കെ. കെ. അബു എന്നിവർ സമർപ്പിച്ചിട്ടുള്ള കാണിക്കുവിനു നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കു മറുപടി പറയുവാൻ തയ്യാറാണോ?

† Appendix I.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ): സർ, കോഴിക്കോട്ട മെഡിക്കൽ കോളേജിൽ നടന്ന റാഗിംഗിനെ സംബന്ധിച്ചു....

ശ്രീ. കെ. കരുണാകരൻ: സർ, ഇതിനു മറുപടി പറയുവാൻ ബഹു: ആരോഗ്യ വകുപ്പുമന്ത്രിക്കു് യാതൊരർഹതയുമില്ല. ഞങ്ങൾക്കു അദ്ദേഹത്തിന്റെ മറുപടിയിൽ യാതൊരു ബഹുമാനവും ഇല്ല. അദ്ദേഹം അഴിമതിക്കാരനാണു്. അഴിമതിക്കാരനല്ലാത്ത ഒരു മന്ത്രി മറുപടി പറയണം....

ശ്രീ. ബി. വെല്ലിംഗ്ടൺ: സർ, അങ്ങു വിളിച്ചിട്ടാണു് ഞാൻ സംസാരിക്കുന്നതു്. ഇങ്ങനെ ബഹളമുണ്ടാക്കേണ്ട യാതൊരു കാര്യവുമില്ല.

ശ്രീ. മത്തായി മാഞ്ഞൂരാൻ: സർ, ഇവിടെ എന്താണു് നടക്കുന്നതു്. (കരുണാകരനെ നോക്കി) അതിനൊന്നും പുറപ്പെടാതെ അവിടെയിരി. വേറെ പണിനോക്കു്. പോയി ചെരക്കാൻ നോക്കു്.

(ശ്രീ. കരുണാകരൻ, ശ്രീ. കെ. എം. ജോർജ്ജു്, ശ്രീ. കെ. ടി. ജോർജ്ജു്, ശ്രീ. ബി. മാധവൻനായർ, ശ്രീ. ബേബിജോൺ, ശ്രീ. എൻ. കെ. ശേഷൻ, ശ്രീ. അഹമ്മദു്, ശ്രീ. അബൂബേക്കർ, ശ്രീ. വെല്ലിംഗ്ടൺ, ശ്രീ. ടി. കെ. കൃഷ്ണൻ, ശ്രീ. ടി. കെ. രാമകൃഷ്ണൻ, മത്തായി മാഞ്ഞൂരാൻ എന്നിവർ അവ്യക്തമായി എന്തെല്ലാമോ പറഞ്ഞുകൊണ്ടിരുന്നു. സർവ്വത്ര ബഹളം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഏതായാലും ബഹു: മന്ത്രി മറുപടി പറയട്ടെ.

ശ്രീ. കെ. കരുണാകരൻ: സർ, അദ്ദേഹത്തിനു ഇവിടെ സ്റ്റേറ്റുമെന്റു നടത്താൻ യാതൊരു അർഹതയുമില്ല. അദ്ദേഹം പറയുന്ന മറുപടിക്കു യാതൊരു സാധുതയുമില്ല. അഴിമതിക്കാരനാണെന്നു ഈ നിയമസഭ തീരുമാനമെടുത്തശേഷം ഇനിയും മന്ത്രിയായി തുടർന്നു....

ശ്രീ. ബി. വെല്ലിംഗ്ടൺ: നിയമസഭ തീരുമാനിച്ചിട്ടൊന്നുമില്ല. ശ്രീ. കരുണാകരൻ ഈ പ്രസംഗം മതിയാക്കുകയാണു് നല്ലതു്.

ശ്രീ. കെ. കരുണാകരൻ: അഴിമതിക്കാരനാണെന്നു ഈ നിയമസഭ വിധി പറഞ്ഞു കഴിഞ്ഞതിനു ശേഷം....

ശ്രീ. മത്തായി മാഞ്ഞൂരാൻ: സർ, ഇതു സഭയോടു കാണിക്കുന്ന അനാദരവാണു്. സഭയുടെ ഗൗരവം കുറയ്ക്കുകയാണു്. നിയമസഭ വിധിപറഞ്ഞു എന്നു പറയുന്നതു ശരിയല്ല.

ശ്രീ. എൻ. കെ. ശേഷൻ: തൊഴിൽമന്ത്രിയുടെ പ്രസ്താവന ശരിയല്ല. നിയമസഭ തീരുമാനിച്ച കാര്യമാണു്.

ശ്രീ. ഇ. അഹമ്മദു്: സർ, ലേബർമന്ത്രി അവാസ്തവപ്രസ്താവനയാണു് ഇവിടെ നടത്തുന്നതു്. ഈ സഭ തീരുമാനിച്ചതല്ല എന്നു് അദ്ദേഹം പറയുകയുണ്ടായി. അതു് ശരിയല്ല. നിയമസഭ തീരുമാനിച്ച കാര്യമാണു്. കഴിഞ്ഞ വെള്ളിയാഴ്ചത്തെ പ്രൊസീഡിംഗ്സിൽ അതു വ്യക്തമായിട്ടുള്ള കാര്യമാണു്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഏതായാലും അദ്ദേഹം ഇന്നു മന്ത്രിയാണു്. അഴിമതിക്കാരനാണെന്നു നിയമസഭയിൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ നിയമസഭാനടപടിച്ചട്ടങ്ങൾ അനുസരിച്ചു് എന്താണു് ചെയ്യേണ്ടതു ചെയ്യാം.

ശ്രീ. കെ. കരുണാകരൻ: ഈ പ്രമേയത്തിനു മറുപടി പറയുവാൻ അദ്ദേഹത്തിനു യാതൊരു അർഹതയുമില്ല. അർഹതയില്ലാതെ പറയുവാൻ അവസരം നൽകുന്നതു തെറ്റാണു്. ഇതിൽ പ്രതിഷേധിച്ചു ഞാനും എന്റെ പാർട്ടിയും വാക്കൗട്ടു് നടത്തുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Shri. K. Karunakaran and the members of his party then walked out of the House.]

ശ്രീ. കെ. എം. ജോർജ്ജ്: സർ, അഴിമതിക്കാരനെന്ന ഈ സഭ തീരുമാനിച്ച ശേഷം അദ്ദേഹം വീണ്ടും മന്ത്രിയായി തുടർന്ന സ്റ്റേറ്റ്മെന്റ് നടത്തുന്നതു ശരിയല്ല. ഇതിൽ പ്രതിഷേധിച്ചു ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണു്.

[Shri. K. M. George followed by the members of his party then walked out of the House.]

ശ്രീ. മത്തായി മാഞ്ഞൂരാൻ: സർ, ഈ സഭ തീരുമാനിച്ചുവെന്നു പറയുന്നതു ശരിയല്ല. ഈ സഭ അങ്ങനെ തീരുമാനിച്ചിട്ടില്ല.

ശ്രീ. ഇ. അഹമ്മദ്: സർ, വളരെ വ്യക്തമായിട്ടു കഴിഞ്ഞ വെള്ളിയാഴ്ച ഇവിടെ തീരുമാനമെടുത്തിട്ടുള്ളതാണു്.

(ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. ടി. കെ. കൃഷ്ണൻ, ശ്രീ. എ. വി ആര്യൻ, ശ്രീ. മത്തായി മാഞ്ഞൂരാൻ തുടങ്ങിയവർ ഒരേസമയം ഇല്ല, ഇല്ല, വെള്ളിയാഴ്ച യാതൊരു പ്രമേയവും പാസാക്കിയിട്ടില്ല എന്നു വിളിച്ചുപറഞ്ഞുകൊണ്ടേയിരുന്നു.)

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഈ നിയമസഭ പാസ്സാക്കിയിട്ടുണ്ടു്.

ശ്രീ. ഇ. അഹമ്മദ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ: ഈ സഭ അതേപ്പറ്റി ഒരു തീരുമാനം എടുക്കുകയും ആ തീരുമാനം റീഓപ്പൺചെയ്യാൻ പാടില്ല എന്നു ബഹുമാനപ്പെട്ട ചെയറിൽനിന്നും റൂളിംഗ് ഉണ്ടായിരിക്കുകയും ചെയ്ത സ്ഥിതിക്കു് വീണ്ടും അതു ഇവിടെ ഒരു ബഹുമാനപ്പെട്ട മന്ത്രി അതിനെപ്പറ്റി പറയുകയും വീണ്ടും ബഹളം കൂട്ടുകയും ചെയ്യുന്നതു ശരിയാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ഞാൻ കേട്ടില്ല; അദ്ദേഹം അങ്ങനെ പറഞ്ഞെങ്കിൽ അതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി; ആ സംഗതിയെക്കുറിച്ചു് അങ്ങോട്ടും ഇങ്ങോട്ടും അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കേ ആ അഭിപ്രായവ്യത്യാസങ്ങളും അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞു തക്കിച്ചിട്ടു സഭാനടപടികളും നിറുത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടാക്കരുതു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ലേബർ മിനിസ്റ്റർ ബഹളമുണ്ടാക്കരുതെന്നു പറയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സഭയിലെ എല്ലാ അംഗങ്ങളും മര്യാദയ്ക്കു് പെരുമാറണം. അല്ലെങ്കിൽ സഭാനടപടികളും നിറുത്തിവയ്ക്കേണ്ടിവരും. പാർട്ടി നേതാക്കന്മാർ ഇതിനെപ്പറ്റി സ്പീക്കറുടെ റൂമിൽവച്ചു് കൂടിയാലോചിക്കാവുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി: പ്രധാനപ്പെട്ട ബില്ലുകളും പര്യാലോചിക്കേണ്ട അവസരത്തിൽ ഇതുപോലെയുള്ള സംഭവങ്ങളും ഉണ്ടായി എന്നു പറഞ്ഞു സഭാനടപടികളും നിറുത്തിവെയ്ക്കുന്നതിനോടു ഞാൻ എതിരാണു്. മുറിയിൽ കൂടിയാലോചിക്കുന്നതിനൊന്നും യാതൊരു വിരോധവുമില്ല.

ശ്രീ. എൻ. കെ. ശേഷൻ: സഭാനടപടികളും നിറുത്തിവയ്ക്കണമെന്നു് ആരു പറഞ്ഞു? ഞങ്ങളും സഭാനടപടികളും നിറുത്തിവയ്ക്കുന്നതിനോടു് എതിരാണു്.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭാനടപടികളും നിറുത്തിവെയ്ക്കണമെന്നു ആരും പറയുകയില്ല തുടരണമെന്നതന്നെ മെമ്പറന്മാരും മന്ത്രിമാരും എല്ലാം പറയും. പക്ഷേ ഇപ്പോഴും ഇവിടെ നടന്നതുപോലെയുള്ള ബഹളങ്ങളും ഉണ്ടാക്കുകയാണെങ്കിൽ അതു് ആരെക്കൊണ്ടു് നിയന്ത്രിക്കുവാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: സർ, എനിക്ക ഒരു പ്രത്യേകകാര്യം പറയുവാനുണ്ട്. പ്രമേയത്തെപ്പറ്റിയൊന്നുമല്ല. ഇന്ന തൊഴിൽകാര്യമന്ത്രി ഇവിടെ നടത്തിയ അസുഖകരമായ ചില പരാമർശങ്ങളെപ്പറ്റിയാണ്, നമ്മുടെ നിയമസഭാനടപടിക്രമം അനുസരിച്ച് ഇവിടെ ഉപയോഗിക്കുവാൻ പാടില്ലാത്ത ഭാഷയിലായിരുന്ന. അവ നിയമസഭാ പ്രൊസീഡിംഗ്സിൽ നിന്നും നീക്കംചെയ്യണം എന്നാണ് എനിക്ക പറയുവാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത എന്താണ്?

ശ്രീ. ബേബിജോൺ: അത എന്നെക്കൊണ്ട പറയിക്കണമോ? 'ചെരക്കാൻ നോക്കേ' എന്ന പറഞ്ഞിട്ടുണ്ട്. ഈ മാതിരി പ്രയോഗങ്ങളും നിയമസഭാനടപടികളിൽ കാണുന്നത ശരിയായിരിക്കുകയില്ല. അതുകൊണ്ട ആ ഭാഗം പ്രൊസീഡിംഗ്സിൽ നിന്നും നീക്കം ചെയ്യുന്നത നന്നായിരിക്കും

ശ്രീ. വി. എസ്. അച്യുതാനന്ദൻ: മി. കരുണാകരൻ പറഞ്ഞിട്ടുള്ളതും നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: നിയമസഭാ റിക്കാർഡുകളും നോക്കി കൊള്ളുന്നതാണ് തെന്നു എനിക്ക തോന്നുന്ന ഭാഗങ്ങളും ഞാൻ റിമൂവ് ചെയ്യും.

ശ്രീ. ബി. വെല്ലിംഗ്ടൺ: കാലിക്കട്ട മെഡിക്കൽ കോളേജിൽ അടുത്ത കാലത്തു പ്രവേശിപ്പിച്ച വിദ്യാർത്ഥികളുടെ മേൽ റാഗിംഗ് എന്ന പ്രാകൃതമായ പ്രവർത്തനം നടത്തിയതിന്റെ ഫലമായിട്ടാണ് ഈ അനിഷ്ടസംഭവം ഉണ്ടായത്. ആ സംഭവത്തെ അവിടത്തെ പ്രിൻസിപ്പാൾ നിയന്ത്രിക്കുവാൻ പരിശ്രമിച്ചു. അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ വിദ്യാർത്ഥികൾ നിൽക്കാതെ ചില അനിഷ്ട സംഭവങ്ങൾ ഉണ്ടായതിനെ തുടർന്ന ചില വിദ്യാർത്ഥികളുടെ മേൽ ശിക്ഷണനടപടികൾ എടുക്കുവാൻ അദ്ദേഹം നിർബന്ധിതനായി. അമ്പതോളം വിദ്യാർത്ഥികളെ യാതൊന്നും ഉട്ടക്കാൻ അനുവദിക്കാതെ നഗ്നരായി നിറുത്തുന്ന നടപടിയാണ് ഉണ്ടായിരുന്നത്, ഇത്ര പ്രാകൃതമായ പ്രവർത്തനങ്ങൾ വേദനിക്കുന്ന മനുഷ്യനു ശ്രുശ്രൂഷയും ആശ്വാസവും നൽകുന്നതിനു പരിശീലനം തേടുന്ന വിദ്യാർത്ഥികളിൽ നിന്നുണ്ടാകുന്നത ശരിയല്ല എന്ന പ്രിൻസിപ്പാളിനു തോന്നിയതുകൊണ്ടാണ് ശിക്ഷണനടപടികൾ അദ്ദേഹം ആരംഭിച്ചത്. പ്രിൻസിപ്പാളിന്റെ ഈ നടപടികൾക്കെതിരായി വിദ്യാർത്ഥികൾ രണ്ടായി തിരിയുകയും അതിനെ തുടർന്ന കോളേജ് അനശ്ചിതകാലത്തേക്ക പൂട്ടിയിടുകയും പ്രിൻസിപ്പാൾ രാജിവെയ്ക്കുകയുംചെയ്തു എന്നാണ് അറിയുന്നത്. കഴിയുന്നതും വേഗം കോളേജ് തുറന്ന പ്രവർത്തിക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. അഹമ്മദ്: പ്രിൻസിപ്പാൾ രാജിവച്ചത ദൗർഭാഗ്യകരമായ ഒരു സംഭവമാണെങ്കിലും ആരോഗ്യവകുപ്പിനെ സംബന്ധിച്ചിടത്തോളം അത അഭിമാനകരമായ കാര്യമാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. പി. എം. അബൂബേക്കർ: സർ, കോഴിക്കോട്ട മെഡിക്കൽ കോളേജിൽ ഇത ആദ്യത്തെ സംഭവം അല്ല. അവിടുള്ള വിദ്യാർത്ഥികളുടെ ഇടയിൽ അരാജകത്വമാണ് നടമാടുന്നത്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിക്കുതന്നെ അനുഭവപ്പെട്ടിട്ടുള്ള കാര്യമാണ്, അദ്ദേഹംതന്നെ കുറച്ചു മാസങ്ങൾക്കു മുമ്പു ഒരു ഹെലികോപ്റ്റർ വിധേയനായത്. നമ്മുടെ സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളും എല്ലാം കൊള്ളരുതായ്മയുടേയും കുത്തരങ്ങായി മാറിയിരിക്കുയാണ്. അടിയന്തിരമായ നടപടി സ്വീകരിച്ച് കോളേജ് തുറപ്പിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. ബി. വെല്ലിംഗ്ടൺ: ശ്രീ. അബൂബേക്കറെപ്പോലുള്ള ചെറുപ്പക്കാർക്ക റാഗിംഗിലുള്ളതാല്പര്യം കൂടിയതാണ് ഇത്തരത്തിലുള്ള അനിഷ്ടം....

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. അബ്ദു ബേക്കർ, ശ്രീ. അഹമ്മദ്, ശ്രീ. ഹക്കിംജി, ശ്രീ. ടി. എ മജീദ്, ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി, ശ്രീ. ബി. മാധവൻനായർ, മുതലായവർ എഴുന്നേറ്റു നിന്നു ഉച്ചത്തിൽ ''മന്ത്രി ആ സ്റ്റേറ്റുമെന്റു പിൻവലിക്കണം'' എന്നു ആവശ്യപ്പെട്ടു.)

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ശ്രീ. മത്തായിക്കും വെല്ലിംഗ്ടണും എന്തും പറയാം എന്നാണോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: റാഗിംഗിനെ പ്രോത്സാഹിപ്പിക്കുന്ന ചില ആളുകൾ ഉണ്ട്.

ശ്രീ. ടി. എ. മജീദ്: ബഹുമാനപ്പെട്ട മന്ത്രി പോക്രിത്തരം പറയുന്നു.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മന്ത്രിയുടെ സ്റ്റേറ്റുമെന്റു പിൻവലിക്കണം.

(പുറകിൽ നിന്നും ഏതോ ഒരു മെമ്പർ ''തെണ്ടി'' എന്നു വിളിക്കുന്നതു കേൾക്കാമായിരുന്നു)

ശ്രീ. ബി. വെല്ലിംഗ്ടൺ: സർ, ഞാൻ എന്റെ സ്റ്റേറ്റുമെന്റു പിൻവലിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ്: മന്ത്രിമാർ കുറേക്കൂടി ഉത്തരവാദിത്വത്തോടുകൂടി സംസാരിക്കണം.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: എം. എൽ. എ. മാർ തെണ്ടി എന്നു വിളിക്കുന്നതു അനുവദിക്കാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇപ്പോൾ എന്തും വിളിക്കാം എന്ന സ്ഥിതിയല്ലേ വന്നിരിക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇവിടെ.....

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ .....

മി. ഡെപ്യൂട്ടി സ്പീക്കർ: സഭാനേതാവു എഴുന്നേറ്റു നിൽക്കുകയാണു്. ബഹുമാനപ്പെട്ട മെമ്പർ അവിടെ ഇരിക്കണം.

ശ്രീമതി കെ. ആർ. ഗൗരി: ഇതുപോലുള്ള സ്റ്റേറ്റുമെന്റു പ്രത്യേകിച്ചും എം. എൽ. എ. മാരിൽനിന്നും മന്ത്രിമാരിൽനിന്നും ഉണ്ടാകുന്നതു ഖേദകരമാണു്. ബഹുമാനപ്പെട്ട മന്ത്രി പിൻവലിക്കുവാൻ തയാറായതിൽ സന്തോഷമുണ്ടു്. അതോടൊപ്പം നിയമസഭയിൽ വികാരക്ഷോഭംകൊണ്ടു 'തെണ്ടി' മുതലായ പദപ്രയോഗങ്ങൾ നടത്തുന്നതു ശരിയല്ല. ആരാണെന്നു അറിയില്ല പുറകിൽനിന്നും അങ്ങനെ പറയുന്നതു കേട്ടു. ഇതൊന്നും ശരിയല്ല. അതൊക്കെ നിയമസഭയുടെ റിക്കാർഡിൽ വരികയാണെങ്കിൽ മാറാണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയത്തിനു അനുമതി നിഷേധിക്കുകയാണു്.

(iii) Alleged lathicharge on the students and citizens of Pallipuram.

ഇന്നലെവന്ന ഒരു അടിയന്തിരപ്രമേയത്തിനു ഇന്നു റവന്യൂമന്ത്രി മറുപടി പറയാമെന്നു പറഞ്ഞിരുന്നു.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, പള്ളിപ്പുറത്തു നിന്നും തിരുവനന്തപുരത്തേക്കു് പുറപ്പെട്ടുന്ന ബസ് കോളേജ് കുട്ടികൾക്കു് ആവശ്യമായ വിധത്തിൽ കിട്ടുന്നില്ലെന്നു് പറഞ്ഞു ഇതിനുമുമ്പുതന്നെ അവിടത്തെ വിദ്യാർത്ഥികൾ നടത്തിയ ശ്രമം പരാജയപ്പെട്ടപ്പോൾ 6-10-1969-ൽ കെ. എസ്. [illegible]

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ നേതൃത്വത്തിലും അണ്ടർക്കോണം പഞ്ചായത്ത് പ്രസിഡൻറിന്റെ നേതൃത്വത്തിലും ലക്ഷ്മണൻവൈദ്യരുടെ നേതൃത്വത്തിലും ഒരുവിഭാഗം ആളുകൾ ബസ്സു പിക്കറ്റുചെയ്യാൻ തീരുമാനിച്ചു, പിക്കറ്റു ചെയ്തു. ഇതറിഞ്ഞു പോലീസ് സർക്കിൾ ഇൻസ്പെക്ടറും, പോലീസുകാരും സ്ഥലത്തു ചെല്ലുകയും അപ്പോൾ അവിടെ പത്തിരുന്നൂറു ആളുകൾ കൂടിയിരിക്കുന്നതു കാണുകയും ചെയ്തു. കൂടിയിരുന്ന ആളുകളോട്, ബസ്സുകൾ കൂടുതൽ ഇട്ടുന്നതിനു ജനറൽ മാനേജരോടു് സർക്കിൾ ഇൻസ്പെക്ടർ നിവേദനം നടത്താമെന്നു് പറയുകയും, അതിൽനിന്നും ഒരു വിദ്യാർത്ഥിയെക്കൂടി സർക്കിൾ ഇൻസ്പെക്ടർ വിളിച്ചുകൊണ്ടു് പോലീസ് സ്റ്റേഷനിൽ പോകുകയും അവിടെവച്ചു് ജനറൽ മാനേജരുമായിട്ടു് ഫോണിൽ സമ്പർക്കം പുലർത്തുകയും ചെയ്തു. അപ്പോൾ ജനറൽ മാനേജർ ആ വിദ്യാർത്ഥിയെ തന്റെ ആഫീസിലേക്കു് വിടുന്നതിനു് ആവശ്യപ്പെടുകയും ചെയ്തു. ഈ വിവരം ഉടനെതന്നെ അവിടെ കൂടിയിരുന്നവരെ അറിയിക്കുകയും ചെയ്തതായിട്ടാണു് കാണുന്നതു്. അതു് അറിയിച്ചുകഴിഞ്ഞതിനുശേഷം ശ്രീമാന്മാർ ലക്ഷ്മണൻവൈദ്യരുടേയും അസനാരു പിള്ളയുടേയും ശ്രീകുമാരന്റെയും—ശ്രീകുമാരൻ വിദ്യാർത്ഥിയാണു്—നേതൃത്വത്തിൽ തെക്കുനിന്നും വടക്കുനിന്നും വന്ന ടാൻസ്പോർട്ട് ബസ്സുകളെ ഒബ്സ്ട്രക്ട് ചെയ്യുകയും വണ്ണം നടുറോഡിൽ കുത്തിയിരുന്നു ബസ്സു പിക്കറ്റു ചെയ്യുകയുണ്ടായി. പിക്കറ്റു ചെയ്യാൻഇരുന്ന കുറെയാളുകളെ പോലീസ് അറസ്റ്റുചെയ്തു നീക്കംചെയ്തു. അങ്ങനെ നീക്കം ചെയ്ത ആളുകളെയുംകൊണ്ടു് പോലീസുകാർ സ്ഥലം വിട്ടപ്പോൾ അവിടെ കൂടിയിരുന്നവർ പോലീസിനെ കല്ലെറിയാൻതുടങ്ങി. ഇന്നലെ ഞാൻ ഇവിടെ വായിച്ച റിപ്പോർട്ടു് സർക്കിൾ ഇൻസ്പെക്ടറുടേതായിരുന്നു. അതു് ശരിയല്ലെന്നു പറഞ്ഞതുകൊണ്ടു് ഐ: ജി. യോടു് ആവശ്യപ്പെട്ട റിപ്പോർട്ട വരുത്തിയതാണു് ഇതു്. അതു് വേണമെങ്കിൽ ഞാൻ വായിച്ചു കേൾപ്പിക്കാം. അതിൽ പറയുന്നതു് ഇങ്ങനെയാണു്.

At about 11.30 a. m. the Sub Inspector of Police, Mangalapuram found the road blocked with three pieces of coconut trees at Pallipuram. When the police attempted to remove the obstruction, a mob surrounded them and pelted stones severely on them injuring the Sub Inspector of Police and the members of his party. They were compelled to runaway and take shelter in a nearby house to escape from the fury of the mob. The mob forcibly removed about 50 rounds of ammunition belonging to the police party. The mob then set fire to the rubber cushions in the police van, damaged its tyres, broke the wind-shield and attempted to set fire to the engine of the van. They pursued the Sub Inspector of Police and the police party to the house where they have taken shelter and threatened to set fire to the house if they did not come out. The mob also pelted stones against 5 Transport Buses which had been parked on the northern side of the Pallippuram junction and caused heavy damage to the vehicles. The Circle Inspector of Police, who was patrolling the area then reached the place. Seeing him and the police van, the crowd which had been attacking the vehicles withdrew and started stoning the party. Just then a police reinforcement with the Deputy Superintendent of Police, Trivandrum Rural, and the Sub Collector, Trivandrum reached the scene. With the help of the additional police force, the situation was brought under control. 14 persons who have been taking part in the criminal act were arrested on the spot. Criminal charges have been registered on this occurrence and they are under investigation. The Sub Inspector of Mangalapuram, 2 head constables and 14 constables received injuries from stones and were sent to Government hospital, Attingal.

LIBRARY ARCHIVES Kerala Legislative Assembly

Vigorous police patrol have been arranged in the area and the situation is now under control.

This is the report of the Inspector General of Police ഇതാണ് അവിടെ നടന്ന സംഭവം. അടിച്ചുവെന്നും ഇന്നലെ ശ്രീ. കരുണാകരൻ പറഞ്ഞതു കൊണ്ടു പോയി, അന്വേഷിച്ച വിവരങ്ങളാണ്. ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. എം. ജോർജ്ജ്: ഈ സംഭവത്തിൽ 'അമ്യൂണിഷൻ' പിടിച്ചെടുക്കാൻ കഴിഞ്ഞുവോ?

ശ്രീമതി കെ. ആർ. ഗൗരി; ഐ. ജി. യുടെ റിപ്പോർട്ട ഇന്നു് രാവിലെയാണു് കിട്ടിയതു്. അതുകൊണ്ടു് കൂടുതൽ വിവരം വല്ലതും അറിയണമെങ്കിൽ അന്വേഷിച്ചു അറിയിക്കാവുന്നതാണു്.

ശ്രീ. ടി. എ. മജീദ്: ബഹുമാനപ്പെട്ട വനംമന്ത്രി വായിച്ച റിപ്പോർട്ടു് സക്കിം ഇൻസ്പെക്ടറുടെ റിപ്പോർട്ടതന്നെയാണു്. അതിപ്പോൾ ഐ. ജി. യുടെ പേരുംവെച്ചു് ഇവിടെ വന്നുവെന്നേയുള്ള. ഈ സംഭവത്തിൽ മിനിഞ്ഞാന്നു് പത്തര മണിക്കു് 52 പേരെ അറസ്റ്റു് ചെയ്തുവെച്ചിട്ടു് ഇന്നലെ സന്ധ്യക്കു് അവരെ സെൻട്രൽ ജയിലിൽ കൊണ്ടുപോകുന്നതുവരെ പച്ചവെള്ളംപോലും കൊടുത്തിട്ടില്ലെന്നാണു് അറിയുന്നതു്. ക്രിമിനൽ പ്രൊസീഡിയർ കോഡിലെ 307, 341, 349, 141, 149 മുതലായ വകുപ്പുകളനുസരിച്ചാണു് കവർച്ച, കൊലപാതകം, അക്രമം, തീവെയ്പ്പു് ഇവയുള്ള കേസുകളും ചാർജ്ജു് ചെയ്യുന്നതു്. അത്തരത്തിലുള്ള വകുപ്പുകളും അനുസരിച്ചുള്ള കേസുകളാണു് ഇതിൽ സർക്കിൾ ഇൻസ്പെക്ടർ ചാർജ്ജു് ചെയ്തിരിക്കുന്നതു്. അവിടെവന്ന സർക്കിൾ ഇൻസ്പെക്ടറുടെ നടപടിയെപ്പറ്റി വളരെ ഗൗരവമായി ഗവണ്മെന്റിൽനിന്നും അന്വേഷിക്കേണ്ടതാണു്. ഇന്നലെതന്നെ അവിടെ പോലീസു് ശത്രുതാമനോഭാവത്തോടുകൂടിയാണു് ആളുകളോടു് പെരുമാറിയതു്. അവിടെ പോലീസു് ഗാട്ടു് ഇട്ടിട്ടുണ്ടെന്നു പറഞ്ഞു. പക്ഷെ അവിടെ നിൽക്കുന്ന പോലീസുകാർ ആളുകളെ വഴിയെ വെറുതെ നടക്കാൻ സമ്മതിക്കുന്നില്ല. മാത്രമല്ല അവിടെയുള്ള വീടുകളിൽ കയറി അക്രമംപ്രവർത്തിക്കുകയാണു് ഇങ്ങിനു് പരിഹാരനടപടികളെടുക്കുകയും അവിടെവന്ന സർക്കിൾ ഇൻസ്പെക്ടറുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ഐ. ജി. യുടെ റിപ്പോർട്ടു് ഇന്നു് രാവിലെയാണു് കിട്ടിയതു്. സക്കിം ഇൻസ്പെക്ടറുടെ റിപ്പോർട്ടു് കഴപ്പമുള്ളതാണെന്നു് ഇന്നലെ പറഞ്ഞതുകൊണ്ടാണു് അതിനെപ്പറ്റി ഐ. ജി. യോടു് ഒരു റിപ്പോർട്ടു തരാൻ ആവശ്യപ്പെട്ടതു്. ഐ. ജി. യുടെ റിപ്പോർട്ടിൽ കാണുന്നതു് ഡെപ്യൂട്ടി സൂപ്രണ്ടു് ഓഫു് പോലീസും, അസിസ്റ്റൻറു് കമ്മീഷണറും സംഭവസ്ഥലത്തുണ്ടായിരുന്നു എന്നാണു്.

ശ്രീ. ടി. എ. മജീദ്; അവരെല്ലാം അടി കഴിഞ്ഞതിനുശേഷമാണു് അവിടെ എത്തിയിട്ടുള്ളതെന്നറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: അടിയുടെ കാര്യം ഇതിൽ പറഞ്ഞിട്ടില്ല. പിന്നെ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർമാർ വികാരമുള്ളവരാണെന്നു് കാണുന്നതുകൊണ്ടു് ഇതിനെപ്പറ്റി ഞാൻ കൂടുതലായിട്ടു് അന്വേഷിക്കുന്നതാണു്. ബസ്സിന്റെ കഷൻ കത്തിക്കുക, ബസു് തീവയ്ക്കുക മുതലായവയെല്ലാംതന്നെ തീവെയ്പ്പിന്റെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണു്. പല പോലീസുകാരെയും കല്ലേറിയിലുണ്ടായ പരിക്കുമൂലം ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ഒരാളിനെ എക്സ്റേ പരിശോധനയ്ക്കു് മെഡിക്കൽകാളേജിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അപ്പോൾ കേസെടുക്കുന്നതു് അതനുസരിച്ചുള്ള വകുപ്പുകളും ഉപയോഗിച്ചായിരിക്കും. എന്തായാലും

LIBRARY ARCHIVES Kerala Legislative Assembly

ഇനി അവിടെ ഒരു ക്രീകരാവസ്ഥ സംജാതമാകാതിരിക്കുന്നതിനാവശ്യമായ നടപടികളും എടുക്കാവുന്നതാണു്. പോലീസിൽനിന്നും ജനങ്ങൾക്കു് ബുദ്ധിമുട്ടുണ്ടാക്കാൻ സമ്മതിക്കുകയില്ല. അവിടെ സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടാക്കാൻ എല്ലാവരും ശ്രമിക്കണമെന്നു് അപേക്ഷിക്കുകയാണു്. അനാവശ്യമായ സമരം നിർത്തുവാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ മറുപടി പറഞ്ഞപ്പോൾ ഇതിനെപ്പറ്റിയുള്ള വിശദമായ വിവരങ്ങൾ അന്വേഷിച്ചു് അറിയിക്കാമെന്നു് പറഞ്ഞു. എന്നാൽ ഇന്നു് തന്നിട്ടുള്ള മറുപടി സർ സി പി. യുടെ കാലത്തുള്ളതുപോലെയുള്ള ഒന്നാണു്. പോലീസു് സി. പി. യുടെ അനുയായിയെന്നുള്ളതിൽ കവിഞ്ഞു് ഒന്നുംതന്നെ കാണുകയില്ല. അതുപോലെതന്നെയാണു് ഇന്നു് റവന്യൂ മന്ത്രിയുടെ മറുപടിയും. ഞങ്ങൾക്കു് കിട്ടേണ്ട വിവരം ഒന്നുംതന്നെ കിട്ടിയിട്ടില്ല. അവിടെ അക്രമം ഇല്ലാതാക്കണമെന്നുള്ളതിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ഈ സംഭവത്തിൽ യുവാക്കളായ വിദ്യാർത്ഥികളെ ലാഠിപ്പൊലിൽ കൊണ്ടുപോയി ക്രീകരമായി മർദ്ദിക്കുകയും അവരുടെ മേൽ പഴഞ്ചൻ രീതിയിലുള്ള പോലീസു് നടപടികളും സ്വീകരിക്കുകയും ചെയ്തതായിട്ടാണു് അറിയുന്നതു്. ഇതു് ജനാധിപത്യ വ്യവസ്ഥിതിക്കു് അനുയോജ്യമായിട്ടുള്ള ഒരു നടപടിയല്ല. ഇക്കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിസഭ്യു് നൽകിയിട്ടുള്ള വിവരം ശരിയായിട്ടുള്ളതല്ല. ഇതു് മനുഷ്യത്വപരമാണു്. ഇക്കാര്യത്തിൽ നിഷ്പക്ഷമായിട്ടുള്ള ഒരു അന്വേഷണം നടത്തണമെന്നാവശ്യപ്പെടുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കരുണാകരനോടു് എനിക്കു് ഒരു കാര്യം പറയുവാനുണ്ടു്, വിരോധംകൊണ്ടായാലും എന്തായാലും ശരി സർ സി. പി.യുടെ അനുയായി ഞാനാണെന്നു് ശ്രീ. കരുണാകരൻ പറഞ്ഞതിനെപ്പറ്റിയാണു് എനിക്കു് പറയുവാനുള്ളതു്. സർ. സി. പി.യുടെ അനുയായി ആരാണെന്നു് തിരുവിതാംകൂറിന്റെ ചരിത്രം അറിയാവുന്നവർക്കെല്ലാംതന്നെ അറിയാവുന്നതാണു്, അതുകൊണ്ടു് അതിനെപ്പറ്റി ഞാനൊന്നുംതന്നെ പറയുന്നില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സർ സി. പി.യെക്കാളും വളരെയധികം പഴക്കമുള്ളതാണു് ക്രിമിനൽ പ്രൊസീഡിയർകോഡും ഇൻഡ്യൻ പീനൽകോഡുമെന്നറിയാമോ?

ശ്രീ. എം. ഹക്കിംജി സാഹിബു്: സർ, ബഹുമാനപ്പെട്ട മന്ത്രി ഐ. ജി.യുടെ റിപ്പോർട്ടാണെന്നു പറഞ്ഞു് ഇവിടെ വായിച്ച കാര്യങ്ങളൊന്നുംതന്നെ ശരിയായിട്ടുള്ളതല്ല. അതിൽ പറഞ്ഞിട്ടുള്ളതും സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞിട്ടുള്ളതും ഒന്നുതന്നെയാണു്. അവിടെ നടന്ന സംഭവത്തിൽ ഏറ്റവും ദയനീയമായിട്ടുള്ളതു് അവിടെയുള്ള മദ്രസയിൽ പോയി പഠിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളേയും അവിടെയുള്ള പള്ളിയിലെ പുരോഹിതനേയും വിശേഷിച്ചു് അവിടെയുള്ള ഇൻസ്പെക്ടറും, പോലീസുകാരും ഈ മദ്രസയിൽ കയറി ഇവരോടു സംസാരിക്കാൻപോലും മടിക്കുന്നതാണു് എസ്. ഏ. പി. പേ പിടിച്ച പട്ടികളെപോലെ നരനായാട്ടു നടത്തുകയും മതസ്ഥാപനത്തെ നശിപ്പിക്കുകയുമാണു്. സാധാരണ കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളിൽ ഇത്തരത്തിലുള്ള പല സംഭവങ്ങളും നടക്കുന്നുണ്ടെങ്കിലും, ഇവിടെ ഐക്യകക്ഷി ഗവണ്മെൻറാണു് ഭരണം നടത്തുന്നതു്. ഐക്യകക്ഷി ഗവണ്മെൻറു ഭരണം നടത്തുന്ന ഈ സംസ്ഥാനത്തു് മാർക്സിസ്റ്റു പാർട്ടിയുടെ ഏകപക്ഷീയമായ പോലീസു് നയമാണു് നടക്കുന്നതു്. അതു് ശരിയല്ല. അവരുടെ മരണമണിയുടെ ശബ്ദം ഇന്നു് കേരളത്തിലുടനീളം മുഴങ്ങികേൾക്കുകയാണു്. ഈ സംഭവത്തെക്കുറിച്ചു് ഒരു പരസ്യാന്വേഷണംതന്നെ നടത്തണമെന്നു് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: മരണമണി മുസ്ലീംകോൺഫറൻസിനു് ചേർന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഈ സംഭവത്തെപ്പറ്റി വീണ്ടും അന്വേഷിക്കാമെന്നും അതിനാവശ്യമായ നടപടികളും എടുക്കാമെന്നും ഉറപ്പു പറഞ്ഞിരിക്കുന്നസ്ഥിതിക്കു് ഈ അടിയന്തിരപ്രമേയത്തിനു അനുമതി നൽകുന്നില്ല.

Calling Attention Under Rule—61

Strike by the students of the Nityananda Polytechnic at Kanhangad.

ഡെപ്യൂട്ടി സ്പീക്കർ: കാഞ്ഞങ്ങാട്ടു് നിത്യാനന്ദ പോളിടെക്നിക്കിലെ വിദ്യാർത്ഥികളും പഠിപ്പുമുടക്കിയതുമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രീ. എൻ. കെ. ബാലകൃഷ്ണൻ റൂൾ 61 അനുസരിച്ചു് ഒരു നോട്ടീസു് നൽകിയിട്ടുണ്ടു്. അതേപ്പറ്റി ശ്രീ. എൻ. കെ. ബാലകൃഷ്ണനു് സംസാരിക്കാം.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, കാഞ്ഞങ്ങാട്ടു് നിത്യാനന്ദ പോളിടെക്നിക്കിലെ വിദ്യാർത്ഥികളും ഒന്നാം തീയതി മുതൽ പഠിപ്പുമുടക്കിയതുമൂലം ഗുരുതരമായ സംഘർഷാവസ്ഥ ഉളവായിരിക്കുകയാണു്. ഈ സ്ഥാപനം ആരംഭിച്ചിട്ടു് നാലുകൊല്ലമായി. അവിടത്തേക്കാവശ്യമായ ഉപകരണഗ്രാന്റു് അനുവദിച്ചുകൊടുത്തിട്ടുള്ളതല്ലാതെ ഇതുവരെയായിട്ടും ഗവണ്മെൻറിൽനിന്നും മറ്റു യാതൊരാനുകൂല്യവും ലഭിച്ചിട്ടില്ല. വിദ്യാലയം ശരിക്കു് നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ യാതൊരു സഹകര്യവുമില്ലാതാണു് ഇരിക്കുന്നതു്. അവിടെ വിദ്യാർത്ഥികൾക്കു് സൗകര്യമായിട്ടിരുന്നു് പഠിക്കുന്നതിനാവശ്യമായ കസേര മേശകളോ മറ്റുപകരണങ്ങളോ ഒന്നുംതന്നെ ഇല്ല. ഇപ്പോൾ അവിടത്തേക്കു് ഗവണ്മെൻറു് ഡെപ്യൂട്ടു് ചെയ്ത പ്രിൻസിപ്പലും മാനേജ്മെൻറും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസത്തെത്തുടർന്നു്, പ്രിൻസിപ്പൽ വിദ്യാർത്ഥികളെ പ്രേരിപ്പിച്ചുകൊണ്ടാണു് വിദ്യാർത്ഥികൾ പഠിപ്പു മുടക്കിയതെന്നാണു് മാനേജ്മെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള പരാതി. അവിടെനിന്നും മൂന്നു കൊല്ലത്തെ പഠിത്തവും പൂർത്തിയാക്കി വിദ്യാർത്ഥികൾ പുറത്തിറങ്ങുകയും ചെയ്തിട്ടുണ്ടു്. എങ്കിലും കേരളത്തിന്റെ പല ഭാഗത്തുനിന്നും അവിടെ പഠിക്കുന്നതിനുവേണ്ടി ചെന്നിട്ടുള്ള വിദ്യാർത്ഥികളുണ്ടു്. അവർക്കു് പഠിത്തം തുടർന്നുകൊണ്ടു പോകുന്നതിനാവശ്യമായ അന്തരീക്ഷം ഉണ്ടാക്കികൊടുക്കുന്നതിനു് ഗവണ്മെൻറിൽനിന്നും ആവശ്യമായ നടപടികളും അടിയന്തിരമായിട്ടെടുക്കണമെന്ന മാത്രമാണു് എനിക്കു് ഈ സന്ദർഭത്തിൽ പറയുവാനുള്ളതു്

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. കെ. ബാലകൃഷ്ണൻ റൂൾ 61 അനുസരിച്ചു് ഇവിടെ പറഞ്ഞതു്, കാഞ്ഞങ്ങാട്ടുള്ള നിത്യാനന്ദ പോളിടെക്നിനിക്കിലെ വിദ്യാർത്ഥികളും പഠിപ്പുമുടക്കിയതു് ഗവണ്മെൻറിൽനിന്നും ഡെപ്യൂട്ടു് ചെയ്ത പ്രിൻസിപ്പളും അവിടത്തെ മാനേജ്മെൻറും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസത്തെത്തുടർന്നു് പ്രിൻസിപ്പൽ വിദ്യാർത്ഥികളെ പഠിപ്പുമുടക്കാൻ പ്രേരിപ്പിച്ചുകൊണ്ടാണെന്നാണു്. എന്തായാലും സത്യമാണെങ്കിൽ ഇതു് വളരെ ഗൗരവാവഹമായ ഒരു സംഗതിയാണു്. ഇതിനെപ്പറ്റി പൂർണ്ണമായിട്ടു് അന്വേഷിച്ചതിനുശേഷമേ ഒരു മറുപടി പറയാൻ സാധിക്കുകയുള്ളൂ. ഗവണ്മെൻറിൽനിന്നും അന്വേഷിച്ചു് ഈ പ്രശ്നം എങ്ങനെ ഒഴിവാക്കാൻ കഴിയുമെന്നുള്ളതു് നോക്കാം. കഴിയുന്നതുംവേഗം ഇതിലൊരു തീരുമാനമെടുത്തു ഈ പ്രശ്നത്തിനു് പരിഹാരം ഉണ്ടാക്കാവുന്നതാണു്.

ഡെപ്യൂട്ടി സ്പീക്കർ: മുപ്പതിൽപരം വർഷം പഴക്കമുള്ള കണയന്നൂർ താലൂക്കിലെ ഹരിജൻ കോളനിയിലെ താമസക്കാർക്കു് അവരുടെ കൈവശമിരിക്കുന്ന സ്ഥലത്തിനു പട്ടയം കൊടുക്കുന്നതിനും തടിവില വാങ്ങിക്കാതിരിക്കുന്നതിനും ആവശ്യമായ ഉത്തരവു് ഗവണ്മെൻറിൽനിന്നും കൊടുക്കുന്നതിനുവേണ്ടി റൂൾ 61 അനുസരിച്ചു് ഒരു

LIBRARY ARCHIVES Kerala Legislative Assembly